നം സ്ഥലത്തെത്തി പഞ്ചായത്തുകാരേയും പ്രസിഡെണ്ടിനേയും മറ്റും മാറ്റി ടി മനിഷ്യൻ മാറ്റി എഴുതിച്ചില്ലേ;

(b) ഇതിന്റെ രഹസ്യമെന്തു?

രാമവമ്മതമ്പുരാൻ.—(a) ഇല്ല.

(b) ഉത്തരം ആവശ്യമില്ല.

Irregularities—Protector, Depressed Classes.

129. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകന്റെ ക്രമ ക്കേടുകളെപ്പറ്റി ശ്രദ്ധിക്കുന്നു വല്ല അന്വേഷണവും നടത്തി യോ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

രാമവമ്മതമ്പുരാൻ.—എന്തു ക്രമക്കേടുകൾ എന്നു അറിയാ ത്തതിനാൽ മറുപടി പറയുവാൻ സാധിക്കുന്നില്ല.

Colony for Kattur.

130. മിസ്റ്റർ കെ. പി. വള്ളോൻ.—കാട്ടർ നിവാസികളായ അധഃകൃതർക്കു കോളനി ഉണ്ടാക്കുവാൻ ഒരു സ്ഥലം അകപ്പയർ ചെയ്തിട്ടു എത്രകാലമായി; ആ സ്ഥലം ഇതുവരേയും ആരെ ഏല്പിച്ചിരിക്കുന്നു; അതിൽനിന്നുള്ള ആദായം എത്ര?

രാമവമ്മതമ്പുരാൻ.—കാട്ടർ അധഃകൃത കോളനിക്കായി സ്ഥലം അകപ്പയർ ചെയ്തതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly